നമെടുക്കുന്നതിനുമുമ്പ് കിട്ടിയ നിവേദനങ്ങളൊക്കെ പരിശോധിച്ചു. താമരശ്ശേരിയുടെ കാര്യം ഡി.എം.ഒ. പരിശോധിച്ചിട്ടുണ്ട്. കൊടുവള്ളിയുടെ കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്. താമരശ്ശേരിയും കൊടുവള്ളിയും ഉൾപ്പെടുന്ന കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് മുസ്ലീം ലീഗിന്റെ തന്നെയാണ്. അതിൽ രാഷ്ട്രീയമൊന്നുമില്ല. ആ പഞ്ചായത്ത് ഏകകണ്ഠമായി താമരശ്ശേരിയിലാണ് അത് അനുവദിക്കേണ്ടതെന്ന അവരുടെ തീരുമാനം ഗവൺമെന്റിനെ അറിയിച്ചു. ആ തീരുമാനം കിട്ടിയശേഷമാണ് അവസാന തീരുമാനമെടുക്കുന്നത്. 25 എണ്ണത്തിലൊന്ന് താമരശ്ശേരിയിൽ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ തീരുമാനം ഉചിതവും ജനാധിപത്യപരവും മര്യാദയുള്ളതും പ്രാദേശികമായി കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ഉള്ളതുമായതുകൊണ്ട് താമരശ്ശേരിയിൽ അനുവദിച്ചതിനെതിരായി ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് പരാതി പറയാൻ കഴിയുകയില്ലയെന്നാണ് എന്റെ വിശ്വാസം. അദ്ദേഹം അവിടത്തെ മുൻ പഞ്ചായത്ത് പ്രസിഡന്റുകൂടിയാണ്. അതുകൊണ്ട് താമരശ്ശേരിയിൽ കിട്ടിയപ്പോൾ അദ്ദേഹം ഇപ്പോൾ പ്രതിനിധാനം ചെയ്യുന്ന കൊടുവള്ളിയിൽ കിട്ടിയില്ലെന്ന വികാരം അവിടെ ഉണ്ടാക്കാൻ ശ്രമിക്കുന്നുവെന്നതാണ് വസ്തുത. ഏതായാലും ശരി ഇനി ഇല്ലാത്ത കുറെയേറെ ബ്ലോക്കുകളുണ്ട്. ഏതെങ്കിലും ഘട്ടത്തിൽ പഞ്ചായത്തിനെ പരിഗണിക്കുമ്പോൾ കൊടുവള്ളി പഞ്ചായത്തിനെ പരിഗണിക്കുന്നതാണ് എന്നല്ലാതെ എനിക്ക് ഇപ്പോൾ പറയാൻ ഒക്കുകയില്ല. 25 എണ്ണം അനുവദിച്ചപ്പോൾ അതൊന്ന് കൊടുവള്ളിയിലായി എന്നതിന് എനിക്ക് അനുമോദനവും നന്ദിയും രേഖപ്പെടുത്തിക്കൊണ്ടുള്ള ധാരാളം കത്തുകൾ വരുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ഇക്കാര്യത്തിലുള്ള തീരുമാനം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

(9) മാവൂർ ഗ്വാളിയർ റയോൺസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

ശ്രീ. സി.പി. ബാലൻവൈദ്യർ : സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഞാൻ ഉന്നയിക്കുന്നത്. കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ കേന്ദ്രമാണ് മാവൂർ ഗ്വാളിയർ റയോൺസ്. 1987-ൽ ഞാൻ ആദ്യമായി ഈ സഭയിൽ എം.എൽ.എ. ആയിട്ട് വരുമ്പോൾ മാവൂർ റയോൺസ് അടഞ്ഞ് കിടന്നതാണ്. അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എടുത്ത ധീരമായ നടപടിയുടെ ഫലമായിട്ടാണ് മൂന്നു കൊല്ലത്തിലധികം അടഞ്ഞ് കിടന്ന ആ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിച്ചത്. 4000 തൊഴിലാളികൾക്ക് നേരിട്ടും ഡിപ്പോ ഉൾപ്പെടെ പല രംഗങ്ങളിലുമായിട്ട് 10,000-ത്തോളം തൊഴിലാളികൾക്ക് അനുബന്ധ രംഗങ്ങളിലും ജോലി ലഭിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ ഒരു വ്യവസായ സ്ഥാപനമാണത്. അതിനു പുറമെ ട്രാൻസ്പോർട്ട് ലോഡിംഗ്-അൺലോഡിംഗ് ഉൾപ്പെടെ ഈ മേഖലയിൽ 15,000ത്തോളം തൊഴിലാളികളുണ്ടെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. ഈ നിലയിലും ജോലിയെടുത്ത് വലിയൊരു വിഭാഗം കുടുംബങ്ങളെ തീറ്റിപ്പോറ്റുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായ സ്ഥാപനമാണിത്. തുടങ്ങിയശേഷം ഇന്നുവരെ ലാഭമല്ലാതെ മറ്റൊന്നും ആ കമ്പനിക്കുണ്ടായിട്ടില്ല. തികച്ചും അനാവശ്യമായ കാരണം പറഞ്ഞുകൊണ്ട് കമ്പനി ഇപ്പോൾ അടച്ചുപൂട്ടാനുള്ള നടപടികളാണ് ആരംഭിച്ചിരിക്കുന്നത്. അതിന് അവർ പറയുന്ന ന്യായീകരണം അസംസ്കൃത സാധനങ്ങളില്ല എന്നാണ്. മാനേജുമെന്റുമായിട്ടുള്ള ചർച്ചയിൽ മാനേജ്മെന്റിന്റെ ഭാഗത്ത് ബാരിസ്റ്റർ കുര്യൻ ഉൾപ്പെടെ വന്നു വാദിച്ചു. തൊഴിലാളി പ്രതിനിധികൾക്കുവേണ്ടി ഈ സഭയിലെ ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. എളമരം കരീം

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഉൾപ്പെടെയുള്ള എം.എൽ.എ.മാർ ഉണ്ടായിരുന്നു. തൊഴിലാളി പ്രതിനിധികൾ പറഞ്ഞ കാര്യങ്ങൾക്കൊന്നും മറുപടി പറയാൻ മാനേജ്മെന്റിന് കഴിഞ്ഞിട്ടില്ല. ഒരു കൊല്ലത്തിലധികംകാലം കമ്പനിക്ക് പ്രവർത്തിക്കാനുള്ള അസംസ്കൃത സാധനങ്ങൾ കമ്പനിയുടെ വിവിധ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നുണ്ട്. വെള്ളമില്ലെന്നു പറഞ്ഞു. ചാലിയാർ റഗുലേറ്റർ-കം-ബ്രിഡ്ജ് കവണകല്ലിൽ പണിയുകയാണ്. 25 കൊല്ലത്തേയ്ക്ക് വെള്ളത്തിന്റെ പ്രശ്നമില്ല. സെൻ ഗുപ്താ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് അവർ പറയുന്നു. പൊല്യൂഷനുമായിട്ട് ബന്ധപ്പെട്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതുതന്നെ. ബിർല ഉൾപ്പെടെ വിദേശ രാജ്യങ്ങളിൽ ഫൈബർ ഉണ്ടാക്കാവുന്ന കമ്പനികളുണ്ട്. ചുരുങ്ങിയ വിലയ്ക്ക് അവിടെ ഉല്പാദിപ്പിച്ച് ഇവിടെ കൊണ്ടുവരാനുള്ള ഇമ്പോർട്ട് നയങ്ങളാണ് ഈ കമ്പനിയെ ബാധിക്കുന്നതെന്ന് കരുതുന്നു. അടിയന്തിരമായി ഈ കമ്പനി തുറന്നു പ്രവർത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. മുഖ്യമന്ത്രി ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് മാനേജ്മെന്റ് പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ച നടത്തി ആ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി എടുക്കണം. മാനേജ്മെന്റിന്റെ ധിക്കാരം അവസാനിപ്പിക്കത്തക്കവിധത്തിൽ ശക്തമായ സമീപനം എല്ലാ വിഭാഗം ആളുകളെയും സഹകരിപ്പിച്ചുകൊണ്ട് ഗവൺമെന്റ് മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഈ വിഷയം പല പ്രാവശ്യം മാനേജ്മെന്റും തൊഴിലാളികളുമായിട്ട് സർക്കാർ ചർച്ച ചെയ്തിട്ടുള്ളതാണ്. ഫാക്ടറി അടച്ചു പൂട്ടുന്നതിനുള്ള മാനേജ്മെന്റിന്റെ അപേക്ഷ സർക്കാർ തള്ളിക്കളഞ്ഞിരിക്കുകയുമാണ്. വീണ്ടും മാവൂർ ഗ്വാളിയർ റയോൺസുമായിട്ട് ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 16.12.1999 ന് വൈകിട്ട് 4 മണിക്ക് ഒരു യോഗം വിളിച്ചിട്ടുണ്ട്. വ്യവസായ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, വനം വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിധ്യത്തിൽ ബിർല ഉൾപ്പെടെ മാനേജ്മെന്റ് പ്രതിനിധികളുമായിട്ട് ഫാക്ടറിയിലെ അംഗീകൃത തൊഴിലാളി യൂണിയൻ നേതാക്കളുമായിട്ട് പ്രസ്തുത യോഗത്തിൽ ചർച്ച നടത്തുന്നതാണ്. ഈ ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നതിനു വേണ്ടി സമ്മർദ്ദം മാനേജ്മെന്റിൽ ചെലുത്താൻ അങ്ങയറ്റം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബിർല തന്നെ 16 -ാം തീയതി വന്ന് സമ്മേളനത്തിൽ പങ്കെടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്..

(10) 'ടെൽക്ക്' നേരിടുന്ന അടച്ചുപൂട്ടൽ ഭീഷണി

ശ്രീ. പി.ജെ. ജോയി : സർ, കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായ ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് അഥവാ 'ടെൽക്' എന്ന സ്ഥാപനം ഒരു അടച്ചു പൂട്ടൽ ഭീഷണിയെ നേരിടുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി കമ്പനിയിൽ ഇന്ന് വന്നിരിക്കുകയാണ്. 1991 മുതൽ 1997 വരെ ലാഭകരമായി പ്രവർത്തിച്ച ആ സ്ഥാപനം അതിന്റെ സഞ്ചിത നഷ്ടം 45 കോടി രൂപയായിരുന്നത് 25 കോടിരൂപയായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. 1998-99 ആയപ്പോൾ ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ ഒരു കണക്ക് പറഞ്ഞു. അതായത് 97 ലക്ഷം രൂപ നഷ്ടത്തിലാണെന്ന്. പക്ഷെ മാസങ്ങൾക്ക്മുമ്പ് മാറിപ്പോയ കമ്പിനിയുടെ മാനേജിംഗ് ഡയറക്ടറുടെ ഒരു സ്റ്റേറ്റ്മെന്റ് പത്രത്തിൽ വായിച്ചു. അത് വളരെ ഒരു ചെറിയ നഷ്ടം മാത്രമേയുള്ളു. അതുകൊണ്ട് കമ്പനിക്ക് പ്രതിസന്ധി

LIBRARY ARCHIVES Kerala Legislative Assembly